<u>ഭരണഭാഷ-മാതൃഭാഷ</u>

**കോഴിക്കോട് ജില്ലാ പഞ്ചായത്ത്**
**പിൻ കോഡ്- 673020**
**GSTIN:32AAAGD1387A1Z4 ഫോൺ നമ്പർ : 0495-2372180**
**dpkkde@gmail.com**

**നമ്പർ: 5522066-2025** **തീയതി : 24-06-2026**

## <u>ക്വട്ടേഷൻ നോട്ടീസ്</u>

**കോഴിക്കോട് ജില്ലാപഞ്ചായത്ത് ഓഫീസിൽ നിന്നും പ്രസിദ്ധീകരിക്കുന്നത്.**

കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഓഫീസിലെ പുതുതായി നിർമ്മിച്ച കഫ്റ്റീരിയ 3 വർഷത്തേക്ക് നടത്തിപ്പിനായി പൊതുമേഖല /സർക്കാർ/ സ്വകാര്യ മേഖലയിൽ കാന്റീൻ / ഹോട്ടൽ നടത്തി 3 വർഷത്തെ പ്രവർത്തി പരിചയമുള്ള വ്യക്തികളിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ടിത ക്വട്ടേഷനുകൾ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായ ക്ഷണിച്ചു കൊള്ളുന്നു.

**പ്രധാന നിബന്ധനകളും വ്യവസ്ഥകളും:**

1. മുദ്രവെച്ച ക്വട്ടേഷൻ (പ്രവർത്തന പരിചയ രേഖകൾ സഹിതം) 2026 ജൂലൈ 10 തീയതി ഉച്ചയ്ക്ക് ശേഷം 3.00 മണിയ്ക് മുൻപായി സെക്രട്ടറി ജില്ലാ പഞ്ചായത്ത്, കോഴിക്കോട് 673020 എന്ന വിലാസത്തിൽ 1000/- രൂപ നിരതദ്രവ്യം സഹിതം നേരിട്ടോ രജിസ്റ്റേർഡ് തപാലായോ ലഭിക്കേണ്ടതാണ്.

2. തിരഞ്ഞെടുക്കപ്പെട്ടിട്ടില്ലെങ്കിൽ നിരതദ്രവ്യം തിരികെ നൽകുന്നതാണ്. തിരഞ്ഞെടുക്കപ്പെടുന്നയാൾ അടവാക്കുന്ന നിരത ദ്രവ്യം സെക്യൂരിറ്റി ഡിപ്പോസിറ്റിൽ ഉൾപ്പെടുത്തുന്നതാണ്.

3. ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തിയ്യതി ജൂലൈ 10 ന് 3.00 മണി വരെ

4. ക്വട്ടേഷൻ നടപടികൾ ജില്ലാ പഞ്ചായത്ത് ഹാളിൽ വെച്ച് ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും സാന്നിധ്യത്തിൽ ജൂലൈ 10 തീയതി 3.30 ന് നടക്കുന്നതാണ്. പ്രസ്തുത നടപടിയിൽ ക്വട്ടേഷൻ സമർപ്പിച്ച വ്യക്തി / സ്ഥാപനം നേരിട്ടോ അല്ലാത്തപക്ഷം പ്രതിനിധിയോ പങ്കെടുക്കേണ്ടതാണ് .

5. കഫ്റ്റീരിയയുടെ പ്രതിമാസ അടിസ്ഥാന വാടക 20,000 രൂപയാണ്. ആയതിലും ഉയർന്ന പ്രതിമാസ വാടക ക്വട്ടേഷനിൽ രേഖപ്പെടുത്തുന്ന വ്യക്തി/സ്ഥാപനത്തിന് കഫ്റ്റീരിയ നടത്തിപ്പ് അനുമതി നൽകുന്നതായിരിക്കും.

6. കഫ്റ്റീരിയ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൌകര്യങ്ങളായ പാചക ഉപകരണങ്ങൾ, പാത്രങ്ങൾ, ഗ്യാസ് കണക്ഷന്, സ്റ്റോറേജ്, ഫർണിച്ചർ തുടങ്ങിയവ ക്വട്ടേഷൻ എടുക്കുന്ന വ്യക്തി/സ്ഥാപനം സ്വന്തം ഉത്തരവാദിത്തത്തിൽ ഒരുക്കേണ്ടതാണ്.

7. വാട്ടർചാർജ്, വൈദ്യുതി ചാർജ്ജ്, ഹരിത കർമ്മസേന യൂസർഫീ കൂടാതെ ഭാവിയിൽ സർക്കാർ പുതുതായി ഏർപ്പെടുത്തുന്ന ഏതെങ്കിലും തരത്തിലുള്ള സേവനത്തിനുള്ള ഫീ എന്നിവ വ്യക്തി/സ്ഥാപനം കൃത്യമായി അടവാക്കാൻ ബാധ്യസ്ഥരാണ്.

8. ക്വട്ടേഷൻ തുകയുടെ 3 മടങ്ങിന് തുല്യമായ തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി അടവാക്കേണ്ടതാണ്.

9. കഫ്റ്റീരിയയിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ അളവ്, വില, ഗുണനിലവാരം, നടത്തിപ്പ് എന്നിവ സംബന്ധിച്ച് പരാതികൾ ജില്ലാ പഞ്ചായത്ത് കഫ്റ്റീരിയ കമ്മിറ്റി പരിശോധിക്കുന്നതായിരിക്കും.

10. ലഹരി പദാർത്ഥങ്ങൾ ഉൾപ്പടെ നിരോധിത ഉല്പന്നങ്ങൾ കഫ്റ്റീരിയയിൽ വില്പന പാടുള്ളതല്ല.

11. തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി/സ്ഥാപനം മേൽ വ്യവസ്ഥകൾ അംഗീകരിച്ചതായി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുമായി 200/- രൂപയുടെ മുദ്രപത്രത്തിൽ കരാർ ഒപ്പു വെയ്ക്കേണ്ടതാണ്.

12. എല്ലാ ഓഫീസ് പ്രവൃത്തി ദിവസങ്ങളിലും രാവിലെ 8.00 മണി മുതൽ വൈകുന്നേരം 6 മണി വരെ കഫ്റ്റീരിയ തുറന്ന് പ്രവർത്തിക്കേണ്ടതാണ്.

13. നിലവിലുള്ള ഭക്ഷ്യസുരക്ഷാ നിയമങ്ങൾ (FSSAI) പാലിക്കേണ്ടതും, കോഴിക്കോട് കോർപറേഷൻ ഓഫീസിൽ നിന്നും കഫ്റ്റീരിയ നടത്തിപ്പിന് ലൈസൻസ് കരസ്ഥമാക്കേണ്ടതുമാണ്. ജൈവ-അജൈവ മാലിന്യസംസ്കരണം ക്വട്ടേഷൻ എടുക്കുന്ന വ്യക്തി/സ്ഥാപനം സ്വന്തം ഉത്തരവാദിത്തത്തിൽ നിർവ്വഹിക്കേണ്ടതാണ്.

14. കോഴിക്കോട് സിവിൽ സ്റ്റേഷൻ ജീവനക്കാർക്ക് മെനുകാർഡ് പ്രകാരമുള്ള തിരഞ്ഞെടുത്ത ഇനങ്ങൾക്ക് ജില്ലാ പഞ്ചായത്ത് നിശ്ചയിക്കുന്ന ഇളവ് ലഭ്യമാക്കുന്നതിന് കഫ്റ്റീരിയ നടത്തിപ്പുകാർ ബാധ്യസ്ഥരാണ്.

15. കഫ്റ്റീരിയ ജീവനക്കാർ സർക്കാർ നിഷ്കർഷിക്കും വിധത്തിലുള്ള ആരോഗ്യ-ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ക്വട്ടേഷൻ എടുക്കുന്ന വ്യക്തി/ സ്ഥാപനം ഉറപ്പു വരുത്തേണ്ടതാണ്.

16. ക്വട്ടേഷൻ റദ്ദാക്കാനുള്ള പൂർണ്ണ അധികാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

Signature Not Verified
Digitally signed by MURALI VELLAT KAMBATH
Date: 2026.06.24 13:01:06 IST
Reason: KSMART

സെക്രട്ടറി